ശ്രീ. എം. കെ. കൃഷ്ണൻ: പോലീസിൽ എടുക്കാൻ കഴിയാത്തതു കൊണ്ടാണു് ലാസ്റ്റു് ഗ്രേഡിൽ എടുക്കാൻ തീരുമാനിച്ചതു്.

ശ്രീ. എസ്. ദാമോദരൻ: രാഷ്ട്രീയ പരിഗണനവച്ചുകൊണ്ടു് 1967-നു മുമ്പു് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുത്തിട്ടുണ്ടെങ്കിൽ അവരുടെ കാര്യം പുനഃപരിശോധിച്ചു് തിരിച്ചെടുക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: 1967 മാർച്ചു് 6-നു ശേഷം രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടു് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ നടപടി നടത്തിയിട്ടുണ്ടെങ്കിൽ അതു പുനഃപരിശോധന ചെയ്യാൻ തയ്യാറാണു്.

ശ്രീ. എസ്. ദാമോദരൻ: 1967-നു മുമ്പു് നടപടിയെടുത്തിട്ടുള്ളവരുടെ കാര്യമാണു് ഞാൻ ചോദിച്ചതു് ?

ശ്രീ. എം. കെ. കൃഷ്ണൻ: മുമ്പുള്ളതു് ഇപ്പോഴത്തെ ഗവണ്മെന്റു് പരിഗണിച്ചു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ബഹുമാനപ്പെട്ട മന്ത്രി എസ്. എ. പി. ക്കാരുടെ കാര്യത്തെപ്പറ്റി പറഞ്ഞു് കഴിഞ്ഞ അസംബ്ലി സമ്മേളനത്തിനു മുമ്പു് സെക്രട്ടേറിയറ്റിനകത്തു കയറി അവർ പ്രകടനം നടത്തി. അതു് ആരുടെ പ്രേരണകൊണ്ടാണെങ്കിലും അങ്ങനെയുള്ളവരും തിരിച്ചെടുക്കപ്പെട്ടവരുടെ കൂട്ടത്തിലുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: അവരും പെടും.

## വനംവകുപ്പിൽ നിന്നും ഭൂമി

* 196 [713] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകൾ തുടങ്ങുന്ന വകയ്ക്കായി വനംവകുപ്പിന്റെ കൈവശമുള്ള ഭൂമി കൊടുക്കണമെന്നു കാണിച്ചു് എന്തെങ്കിലും നിവേദനങ്ങൾ ഒരു മാസത്തിനിടക്കു് സർക്കാരിനു് ലഭിച്ചിട്ടുണ്ടോ ;

(ബി) നാഷണൽ എഡ്യൂക്കേഷൻ സൊസൈറ്റി നെടുമങ്ങാടു് ഒരു കോളേജു് സ്ഥാപിക്കാനായി സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയാണെന്നും എത്ര ഏക്കർ ആവശ്യപ്പെട്ടെന്നും ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കുമോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) നാഷണൽ എഡ്യൂക്കേഷൻ സൊസൈറ്റി, നെടുമങ്ങാടു് 12-9-69 ൽ ഒരു നിവേദനം തന്നിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) നെടുമങ്ങാടു് വില്ലേജിൽ സർവ്വേ നമ്പർ 451-ൽ നിന്നും 50 ഏക്കർ വനഭൂമി ആവശ്യപ്പെട്ടിട്ടുണ്ടു്. അതു് ഗവണ്മെന്റു് പരിഗണിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: അതു് എന്നത്തേയ്ക്കു് കൊടുക്കുമെന്നു പറയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: എപ്പോൾ കൊടുക്കാൻ കഴിയുമെന്നു പറയാൻ പറ്റുകയില്ല, പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈ കോളേജ് വനത്തിൽ കൊണ്ടുപോയി വയ്ക്കുന്നതെന്തിനാണ് ?

ശ്രീ. എം. കെ. കൃഷ്ണൻ: അത് ഈ കോളേജ് വയ്ക്കുന്ന ആളുകളോട് ചോദിച്ചാലെ മറുപടി കിട്ടുകയുള്ള.

മന്ത്രിമാരുടെ പേരിലുള്ള അഴിമതി ആരോപണങ്ങൾ

* 197 [714] ശ്രീ. പി. കെ. രാഘവൻ :
,, ഈ. അഹമ്മദ് :
,, കെ. ടി. ജോർജ്ജ് :
,, എൻ. കെ. ബാലകൃഷ്ണൻ :
,, എൻ. ഐ. ദേവസ്സിക്കുട്ടി :
,, കെ. എം. മാണി :
,, എ. കെ. അപ്പു :
,, വി. ശ്രീധരൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർക്കെതിരായിട്ടാണ് നിയമസഭയിൽ അഴിമതി ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ളത് ;

(ബി) ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ എടുത്തുകഴിഞ്ഞുവോ ;

(സി) എങ്കിൽ എന്തു നടപടികൾ ;

(ഡി) മുഖ്യമന്ത്രി പരിശോധിച്ചതിനുശേഷം നിയമസഭയിൽ ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളെപ്പറ്റി എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) മന്ത്രിമാർ അഴിമതി നടത്തിയതുസംബന്ധിച്ച് അന്വേഷണം നടത്തണമെന്നു കാണിച്ച് ഗവണ്മെൻറിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആരെല്ലാമാണ് നിവേദനങ്ങൾ അയച്ചിട്ടുള്ളത്; എതെല്ലാം മന്ത്രിമാരെക്കുറിച്ച്;

(ജി) എന്തൊക്കെയാണ് ആരോപണങ്ങൾ; അവയെപ്പറ്റി എന്തു നടപടി സ്വീകരിച്ചു;

(എച്ച്) അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ഇതിനെ സംബന്ധിച്ച് തേടുകയുണ്ടായോ;

(ഐ) എങ്കിൽ പ്രസ്തുത ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ;

(ജെ) ആരോഗ്യമന്ത്രിയുടെ പേരിൽ നിയമസഭയിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഭരണകക്ഷിയിലെ 47 എം. എൽ. എ. മാർ ഒപ്പിട്ടുകൊണ്ടുള്ള മെമ്മോറാണ്ടം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(കെ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി കൈക്കൊണ്ടു ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) പല മന്ത്രിമാരെപ്പറ്റിയും നിയമസഭയിൽ അഴിമതിയാരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. മൻധനകാര്യമന്ത്രി ശ്രീ. പി. കെ. കുഞ്ഞിനെതിരായി

LIBRARY ARCHIVES Kerala Legislative Assembly